"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിൽ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം റോഡ് സ്വീപ്പറായി സേവനത്തിലിരിക്കെ മരണപ്പെട്ട ശ്രീ. ശശികുമാർ. പി. സി യുടെ ഫാമിലി പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.1773/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/09/2020**

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 14.12.2018 ലെ PAN/25148/2018-H3(DP) നം. കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിൽ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം റോഡ് സ്വീപ്പറായി സേവനത്തിലിരിക്കെ 10.01.2006 ന് മരണപ്പെട്ട ശശികുമാർ. പി. സി എന്നയാളുടെ ഫാമിലി പെൻഷൻ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ച അപേക്ഷയിൽ പെൻഷൻ അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള സാഹചര്യം വിശദമാക്കാൻ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് നിർദേശിച്ചിരുന്നതായും ആയതിന് 10.01.2006 ന് മരണപ്പെട്ട ശ്രീ . ശശികുമാറിന്റെ ഫാമിലി പെൻഷൻ സംബന്ധിച്ച അപേക്ഷ ചൊക്ലി ഗ്രാമപഞ്ചായത്തിൽ നിന്നും കണ്ണൂർ ഡിഡിപി ഓഫീസിൽ ലഭിച്ചത് 29.06.2013 നായിരുന്നുവെന്നും അതിനാൽ തന്നെ 01.06.2013 മുതലുള്ള കുടുംബ പെൻഷൻ മാത്രമാണ് അക്കൗണ്ടന്റ് ജനറൽ അംഗീകരിച്ചിട്ടുള്ളതെന്നും ജോലിയിലിരിക്കെ മരണമടയുന്ന പാർട്ട് ടൈം ജീവനക്കാരുടെ കുടുംബങ്ങൾക്ക് കുടുംബ പെൻഷന് അർഹതയുണ്ടോ ഇല്ലയോ എന്ന അജ്ഞത നിലനിന്നിരുന്നതിനാലാണ് പ്രൊപ്പോസൽ നിശ്ചിതസമയത്ത് സമർപ്പിക്കാൻ കഴിയാതെ പോയതെന്നും കുടുംബ പെൻഷൻ അപേക്ഷ യഥാസമയം സമർപ്പിക്കുന്നതിന് നിർദേശം നൽകുന്നതിൽ ചൊക്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുണ്ടായ നിയമപരിജ്ഞാനമില്ലായ്മ കാലതാമസത്തിന് കാരണമായതെന്നും കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതായും ആയത് അംഗീകാരത്തിനായി പരാമർശം പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. സർവീസിലിരിക്കേ മരണപ്പെട്ട ശശികുമാറിന്റെ കുടുംബപെൻഷൻ ടിയാന്റെ ആശ്രിതർക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി, KSR Part III Rule 118 പ്രകാരമുള്ള നടപടിക്രമങ്ങൾ, അജ്ഞത മൂലം ചൊക്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പാലിച്ചിട്ടില്ല എന്നത് വ്യക്തമാണ്. , കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം റോഡ് സ്വീപ്പറായി സേവനത്തിലിരിക്കെ 10.01.2006 ന് മരണപ്പെട്ട ശശികുമാറിന്റെ ആശ്രിതർക്ക് കുടുംബപെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിരിക്കുന്നതിനാൽ, 11.01.2006 മുതൽ 31.05.2013 വരെയുള്ള കാലയളവിലെ കുടുംബപെൻഷൻ കുടിശ്ശിക ടിയാന്റെ അവകാശിയ്ക്ക് അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

# File No.LSGD-EPA2/147/2019-LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ധനകാര്യ വകുപ്പ്(നം. WW1/40/2020-FIN തീയതി 20.3.2020പ്രകാരം)

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/147/2019-LSGD) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ